



എസ്.എസ്.എച്ച്.എസ്.എസ്

കടനാട്



# ലിറ്റിൽ കൈറ്റ്സ്



# ക്ലബ്ബ്

# അംഗങ്ങൾ

## എഡിറ്റോറിയൽ ബോർഡ്













# എഡിറ്റോറിയൽ

റാസ്റ്റർ മാഗസ്- കടനാട് സെന്റെ സെബാസ്റ്റ്യൻ എച്ച്. എസ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംങ്ങളുടെ പരിശ്രമ ഫലമാണി 'E-'മാഗസിൻ. ഐ. റ്റി മേഖലയിൽ പ്രഗത്ഭരായ ധാരാളം പ്രതിഭകളെ വാര്-ത്തെടുക്കുവാൻ എസ്.എസ്.എച്ച്. എസ്. എസ് കടനാടിന് സാധിക്കുമെന്നതിന്റെ തെളിവാണിത്. അനേകം കുട്ടികളുടെ നൈസർഗിക സൃഷ്ടികളാണ് കഥയും, കവിതയുമായി ഇതിൽ നിറച്ചിരിക്കുന്നത്. ഇപ്രകാരം ഒരു ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കാൻ പിന്തുണച്ച അനേകരെ നന്ദിയോടെ ഓർക്കുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ ഏവരുടെയും സഹകരണം

പ്രശംസാർഹമാണ്.

ഇത്തരത്തിൽ ഈ ഡിജിറ്റൽ മാഗസ്സിൻ പ്രസിദ്ധികരിക്കാൻ പ്രോത്സാഹം നൽകിയ എല്ലാവരുടെയും മുന്നിൽ നമ്യശിരസ്കരായി നിന്നുകൊണ്ട് ഏവർക്കുമായി റാസ്റ്റർ മാഗസ്സ് സവിനയം സമർപ്പിക്കുന്നു.

**നോയൽ മാത്യു**

ചീഫ് എഡിറ്റർ



# ആശംസ

ലിറ്റിൽ കൈറ്റ്സ് ക്ലബിലെ അംഗങ്ങൾ വളരെ മനോഹരമായി അണിയിച്ചൊരുക്കിയ 'റാസ്റ്റർ മാഗസിൻ' എന്ന ഡിജിറ്റൽ മാഗസിനിലൂടെ കണ്ണോടിച്ചപ്പോൾ വളരെ അഭിമാനം തോന്നി. കുട്ടികളുടെ സർഗാത്മകഴിവുകളെ ശേഖരിച്ച് ഡിജിറ്റൽ മാഗസിനാക്കാൻ ക്ലബ്ബ് അംഗങ്ങൾ നന്നായി പരിശ്രമിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ ഉന്നത സോപാനങ്ങൾ ചവിട്ടിക്കയറി വിജയം കൈവരിക്കാൻ ഈചെറുസംരംഭങ്ങൾ വഴിതെളിക്കട്ടെ എന്നാശംസിച്ചുകൊണ്ടു. മാർഗ്ഗദർശികളായി അധ്യാപകർക്കും സഹകരിച്ച കുട്ടികൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



ബാബു തോമസ്

ഹെഡ്മാസ്റ്റർ

# ആശംസ

**e- world ന്റെ അനന്തസാധ്യതകളെ മനസ്സിലാക്കി ഭാവി ജീവിതം ഭാസുരമാക്കാൻ വിദ്യാർത്ഥികൾക്കിടയിൽ ലിറ്റിൽ കൈറ്റസ് വഹിക്കുന്ന പങ്ക് ഏറെ അഭിനന്ദനാർഹമാണ് സ്വന്തം കഴിവുകളെ കണ്ടെത്തി**

**വികസിപ്പിക്കാനും ഭാവി സ്വപ്നങ്ങൾ കരുപ്പിടിപ്പിക്കാനും ഈ പദ്ധതി ഉപകരിക്കുന്നു. 'റസ്റ്റർ മാഗസ്സിന്റെ' നിർമ്മാണത്തിൽ പങ്കുച്ചേർന്ന ഏവരെയും അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റസ് കുടുതൽ ഉയരങ്ങൾ കീഴടക്കട്ടെ എന്ന് ആശംസിക്കുന്നു.**



**ഫാ.നോബിൾ മാത്യു**

# ....താളുകളിലൂടെ....


അമ്മ ............................................................

കേരള നാട് ...................................................

ലിറ്റിൽ കൈറ്റസ് .........................................

ഹരിത വിദ്യാലയം .......................................

മോഷ്ടിക്കരുത് ...............................................

പ്രകൃതിയുടെ കണ്ണുന്നീർ .................................

ചിത്രം ..........................................................

കുറുഞ്ഞി .......................................................

ലോലപ്പന്റെ കള്ളത്തരം ................................

പസിൽ .........................................................

ചിത്രം .........................................................

കിന്നരിപ്പൂ ....................................................

പിന്നിട്ടവഴികൾ ............................................

ഗൂഗിൾ പറ്റിച്ചേ .............................................

തെന്നലും മഴയും ...........................................

എന്റെ ഗുരുനാഥൻ ........................................

ചിത്രം ............................................................

മന്ദ ................................................................

വായന ...........................................................

ചിത്രം ............................................................

കുഞ്ഞാറ്റ കിളി .............................................

പോസിറ്റീവ് തിങ്കിങ് .....................................

പച്ചതത്തമ്മ .............................................

ചിത്രം .....................................................

പാഠം പടിച്ചേ ............................................

ചങ്ങാതി ..............................................

സൗന്ദര്യം ............................................

ചിത്രം .................................................

ചേറ്റിലെ താമര .................................

സ്നേഹ സമ്മാനം ...............................

കുടം .....................................................

കനലാകുന്ന കനവുകൾ ...........................

# അമ്മ

ഒരിടത്ത് ഒരു കാട്ടിൽ ഒരു കിളി ഉണ്ടായിരുന്നു. ആ കിളിക്ക് എപ്പോഴും എല്ലാവരോടും സംശയമായിരുന്നു.ഒരിക്കൽ ആ കിളിക്ക് ഒരു സംശയംതോന്നി. സ്നേഹം എന്നാൽ എന്ത്? ആ കിളി കാട്ടിലെ ആനകളോടും,മാനുകളോടും,



കഴുതകളോടും,മറ്റു ജിവികളോടും സംശയം ചോദിച്ചു. പക്ഷെ ആർക്കും ഉത്തരം നൽകാൻ ആയില്ല.

കുറച്ച് മാസങ്ങൾക്ക് ശേഷം ആ കിളി മുട്ടയിട്ട്,അടയിരുന്നു, കുഞ്ഞുങ്ങൾ വിരിഞ്ഞപ്പോൾ,അതിന് ആഹാരമായി വന്ന കിളിക്ക് സ്നേഹം എന്നാൽ എന്ത് എന്ന ചോദ്യത്തിന്റെ ഉത്തരം കിട്ടി.അമ്മ കിളിയുടെ കണ്ണുകൾ നിറഞ്ഞു.



സ്നേഹം എന്നാൽ **അമ്മ**

എന്നാണെന്ന് നമ്മൾ ഓർക്കുക.

**BY:ARUL DAS**
**IX B**

# കേരളനാട്




ഹരിതചാരുതയുള്ളൊരു നാട്
അഴകുനിറഞ്ഞൊരു നാട്
സഹസ്നേഹത്തിന്നുടെ നാട്
കേരം നിറയും നാട്
ഇതു ദൈവത്തിന്നുടെ നാട്
പച്ചവിരിച്ചൊരു നാട്
സഹകരണത്തിന്നുടെ നാട്



കിളിനാദം വിരിയും നാട്
സന്തോഷത്തിന്നുടെ നാട്
ഇത് എന്നുടെ കേരളനാട്


# ലിറ്റിൽ കൈറ്റ്സ്

*സാങ്കേതികവിദ്യയെക്കുറിച്ച് പുതുതലമുറയിലെ വിദ്യാർഥികളെ കൂടുതൽ അറിവുള്ളവരാക്കാൻ സഹായിക്കുന്ന ഒരു മേഖലയാണ് ലിറ്റിൽ കൈറ്റ്സ്. അറിവുനിറഞ്ഞവരായ ഒരു യുവതലമുറയെ സൃഷ്ടിക്കുവാൻ വേണ്ടി ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രവർത്തിക്കുന്നു.ഇതുതന്നെയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ലക്ഷ്യവും. ഐറ്റി മേഖലയിൽ മികച്ച നേട്ടം കൈവരിക്കാൻ ലിറ്റിൽ കൈറ്റ്സ് സഹായകമാകുന്നു. ഭാവിയിൽ മുന്നേറാനുള്ള ഒരു അവസരമായിക്കൂടി ലിറ്റിൽ കൈറ്റ്സ് ക്ലബിനെ കാണാം. കമ്പ്യൂട്ടർ യുഗത്തിൽ ജീവിക്കുന്ന വിദ്യാർഥികൾക്ക് കമ്പ്യൂട്ടറിനെപ്പറ്റി കൂടുതൽ അറിയുവാൻ ലിറ്റിൽ കൈറ്റ്സ് സഹായിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഓരോ വിദ്യാർഥികൾക്കും ആധുനികകാലഘട്ടത്തിലെ മായാജാലങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ സാധിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാകാൻ സാധിച്ചതിൽ ഞങ്ങൾ ഓരോരുത്തരും അഭിമാനിക്കുന്നു.*

*NOYAL MATHEW*
*GODSON JIMMY*
*SEBIN SUNNY*
*JITHIN K*
*ABHINAV S SUNIL*
*ARUN ABRAHAM*

# ഹരിതവിദ്യാലയം

മാവുകൾ പൂത്തു മണം പരന്നു
പച്ചക്കുടയായ് ബദാംമരങ്ങൾ
അണ്ണാരക്കണ്ണൻമാർ കാക്കകളും
വിദ്യാലയത്തിൽ വിരുന്നുവന്നു



ടീച്ചറും കുട്ട്യോളും മാന്തണലിൽ

പാടിപഠിക്കുവാനൊത്തുകൂടി

ചക്കപ്പഴത്തിൻ മധുരഗന്ധം

ദിക്കെല്ലാം വാരിവിളമ്പി

അണ്ണാനും കാക്കക്കുയിലുകളും

തമ്മിൽ കലഹമായ് ചക്കയുണ്ണാൻ

താലോലമാട്ടും മുരിങ്ങകളും

താളംപിടിക്കുന്ന നെല്ലികളും

കാണുവോർക്കെല്ലാം രസംപകരും

ഹായ് ! നല്ല സുന്ദരവിദ്യാലയം.

Chin Rose Thomas
IX- A

# മോഷ്ടിക്കരുത്

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഒരു കുറുക്കനും ചെന്നായും ജിവിച്ചിരുന്നു.അവർ ചങ്ങാതിമാരായിരുന്നു.അവർ ഒരു വലിയ ഗുഹയിലായിരുന്നു ജിവിച്ചിരുന്നത്.അവർ എന്നും ഒരുമിച്ച് കാട്ടിൽ തിറ്റ തേടിപോവും.ഒരു ദിവസം അവർ തിറ്റതേടി പോയപ്പോൾ അറിയാതെ ഒരു കരടിയുടെ ഗുഹയിൽ ചെന്നുപെട്ടു അവിടെ അവർ ഒരു ഇറച്ചികണ്ടു.അതു കരടി കൊണ്ടുവെച്ചതായിരുന്നു.പക്ഷേ,ആ ചെന്നായ അതെടുത്തു.അവനൊരു ദുഷ്ടനായിരുന്നു.കുറുക്കൻ നല്ലവനായിരുന്നു.അവൻ ചെന്നായ പറഞ്ഞു അത് കരടിയുടേതാണ്.

അപ്പോൾ ചെന്നായ പറഞ്ഞു പിന്നെവെറുതെ കിട്ടുന്ന ഭക്ഷണം ഞാൻ കളയില്ല.നി വരുന്നുണ്ടെങ്കിൽ വാ....ഞാൻ പോവുകയാണ് . ഇതെല്ലാം കരടി കേൾക്കുന്നുണ്ടായിരിന്നു.അവന് കുറുക്കന്റെ സത്യസന്ധത മനസ്സിലായി.കുറേ ദിവസങ്ങൾക്ക് ശേഷം കരടിയും ചെന്നായയും ഒരു വലിയ ശബ്ദം കേട്ടു.അതു സിംഹരാജനും മറ്റു മൃഗങ്ങളുമായിരുന്നു.കൂട്ടത്തിൽ കരടിയുമുണ്ട് അവരെല്ലാവരോടും കരടി

അന്നുനടന്ന മോഷണത്തെപ്പെറ്റിയും കുറുക്കന്റെ സത്യസന്ധതയെപ്പറ്റിയും പറഞ്ഞിട്ടുണ്ടായിന്നു.സിംഹരാജൻ ചെന്നായോട്ടു ചോദിച്ചു നി എന്തിനാണ് കരടിയുടെ ഇറച്ചി മോഷ്ടിച്ചത് ഇതായിരുന്നു ചെന്നായുടെ മറുപടി അപ്പോൾ കരടി പറഞ്ഞു രാജൻ ഇവൻ പറയുന്നത് നുണയാണ്.ഞാൻ കണ്ടതാണ് ഇവൻ മോഷ്ടിക്കുന്നത് ഞാനൊന്നുമല്ല മോഷ്ടിച്ചത് കുറുക്കനാണ് മോഷ്ടിച്ചത്.

അപ്പോൾ കുറുക്കൻ പറഞ്ഞു ഞാനൊന്നുമല്ല മോഷ്ടിച്ചത് രാജൻ ഇവൻ നുണപറയുകയാണ് ഇവൻ തന്നെയാണ് മോഷ്ടിച്ചത്.അപ്പോൾ ചെന്നായ പറഞ്ഞു ഞാനൊന്നുമല്ല രാജൻ നുണപറയുകയാണ് ഇവൻ തന്നെയാണ്

മോഷ്ടിച്ചത്.ഇവൻ അതെടുത്തപ്പോൾ ഞാൻ പറഞ്ഞു എടുക്കണ്ടാ എന്ന് അവൻ കേട്ടില്ലേ.അപ്പോൾ കൂട്ടത്തിലുള്ള മുയൽ പറഞ്ഞു രാജൻകുറുക്കൻ സത്യമാണ് പറയുന്നത് ചെന്നായതന്നെയാണ് ഈ കുറ്റം ചെയ്തത്.ഇവന് തീർച്ചയായും ഒരു ശിക്ഷ കൊടുക്കണം.അപ്പോൾ സിംഹരാജന പറഞ്ഞു.അതു ശരിയാണ്.ഇവനുള്ള ശിക്ഷ ഇതാണ് 2 ആഴ്ചകൾ വെള്ളം പോലും കൊടുക്കാതെ കഠിനതടവ്.കുറുക്കൻ സത്യം പറഞ്ഞതുകൊണ്ട് രക്ഷപെട്ടു.

ഗുണപാഠം;കൂട്ടുകാരെ മോഷണം നടത്തിയ ചെന്നായ പിടിലായത് നിങ്ങൾ കണ്ടിട്ടില്ലേ അതുകൊണ്ടാണ് പറയുന്നത് മോഷ്ടിക്കരുതെന്ന്.

**BY**
**SREEHARI**
**V A**

# പ്രകൃതിയുടെ കണ്ണുനീർ

ഹൃദയമണിവീണയിൽ ഉയരുന്നൊരൻ തേങ്ങലിൻ

ആഴമെന്തെന്നറിയുമോ മാനവാ?

നിന്നെയെന്നും കാത്തും പരിലാളിച്ചും

നിലനിൽക്കുമീ

മാതൃഹൃദയം നീ തച്ചുടച്ചുവോ

ശുദ്ധപരിശുദ്ധ കോമളാംഗീ എൻ

പ്രകൃതി

നിൻ ചാരുത മങ്ങിമറഞ്ഞുവോ

സ്നേഹവാത്സല്യത്താൽ നിന്നെ

പൊതിഞ്ഞൊരീ


എൻകരങ്ങളെന്തേ നീ തട്ടിമാറ്റി

മണ്ണാണ് നീയെന്നോർക്കുക മാനവാ


എൻ കണ്ണുനീരിൻ മാഹാത്മ്യമറിയുക

സർവ്വം സഹായ നിൻ മാതാവിവിടെയു

ണ്ടെൻ പക്കലേക്കു നീ മടങ്ങി വന്നീടുക



By:Anza Cherian
VIII B



# <u>കുറുഞ്ഞി</u>

**പമ്മിപമ്മി വരുന്നു**

**അങ്ങേലുള്ള കുറുഞ്ഞി**

**കുഞ്ഞി കണ്ണുകൾ ചിമ്മി**

**സുന്ദരിയായ കുറുഞ്ഞി**

**പാവം പോലെ  പതുങ്ങി**

**വാലും താഴ്ത്തിയൊതുക്കി**

**പാലു കുടിച്ചു പതുക്കെ**

**പടികളിറങ്ങിപ്പോയി.**



**Mariya Abraham** V **A**

# ലോലപ്പന്റെ കള്ളത്തരം

കിങ്ങിണി കാട്ടിലെ വൈദ്യരായിരുന്ന ലോലപ്പൻ കുറുക്കൻ മഹാസൂത്രശാലിയും  ഒരു കള്ളനുമായിരുന്നു ലോലപ്പൻ കുറുക്കൻ മിക്കവാറും ദിവസങ്ങളിൽ ലോനപ്പന്റെ  വൈദ്യശാലയുടെ മുൻപിൽതിരക്കായിരിക്കും കാരണം ആ കാട്ടിലെ ഒരേയൊരു-വൈദ്യരായിരുന്നു ലോലപ്പൻ കുറുക്കൻ. അങ്ങനെ ഒരു ദിവസം ആ കാട്ടിലെ രാജാവായിരുന്ന ഗർജൻ സിംഹം വയറുവേദന ബാധിച്ച ലോലപ്പന്റെ അടുത്ത് ചികൽസക്കായി വന്നു. ലോലപ്പൻ മഹാരാ-




ജന്റെ അസുഖം എന്തെന്ന് തിരക്കുകയും അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു .രാജാവിന്റെ പക്കൽ നിന്ന് എന്തെങ്കിലും തട്ടിയെടുക്കണമെന്നായിരുന്നു കുറുക്കന്റെ മനസ്സിലിരിപ്പ് രാജാവായ ഗർജൻ സിംഹം ചോദിച്ചു എന്താ  വൈദ്യരെ ഈ വയറുവേദനയ്ക്ക്  ഒരു പരിഹാരം. ലോലപ്പൻ കുറുക്കൻ പറഞ്ഞു  കുറച്ച് തുളസിയിലയും മാനിറച്ചിയും കൊണ്ടുവരുകയെന്നതാണ്. രാജാവിന്റെ ഭാര്യയായ കിടുമ്പി സിംഹം ചോദിച്ചു എന്തിനാ വൈദ്യരെ മാനിറച്ചി ? പച്ചമരുന്നാണല്ലോ സാധാരണ വയറുവേദനയ്ക്ക് അങ്ങ് മരുന്നായി നൽകാറുള്ളത് . ലോലപ്പൻ പറഞ്ഞു , ഇത് പുതിയൊരു മരുന്നാ നിങ്ങൾ മാംസം ഇഷ്ടപ്പെടുന്നവരല്ലെ അതിനാൽ നിങ്ങൾക്ക് പ്രിയം ഇങ്ങനെ-

യുള്ള ചികിത്സാരീതികളാണല്ലോ. സഹായിയായ കിക്രു അണ്ണാൻ വിചാരിച്ചു ഇതില്ലെന്തെങ്കിലും തട്ടിപ്പുണ്ടാവും .രാജാവ് തന്റെ മക്കളോട് പറഞ്ഞു പോയി മാനിനെ വേട്ടയാടി വരുവിൻ. രാജാവിന്റെ മക്കൾ വേട്ടയാടി കൊണ്ടുവന്ന മാനിനെ അവർ വൈദ്യരുടെ പക്കൽ മരുന്നുണ്ടാക്കാനായി ഏൽപ്പിച്ചു. അവർ പോയിക്കഴിഞ്ഞപ്പോൾ ലോലപ്പൻ വൈദ്യര് തന്റെ സഹായിയായ കിക്രു അണ്ണാന്റെ ചെവിയിൽ മന്ത്രിച്ചു.

| SCIENTISTS | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| J | O | H | N | D | A | L | T | O | N | Z | Y | X | M | U | L |
| U | W | U | U | O | P | S | T | Q | R | U | A | H | E | E | I |
| L | O | M | U | M | E | F | D | B | I | M | N | L | L | C | N |
| I | R | P | F | M | P | N | L | O | C | O | C | L | V | M | U |
| U | R | R | Y | S | R | H | M | N | S | W | Y | I | I | H | S |
| S | L | I | U | W | P | O | R | M | I | S | Z | O | N | U | P |
| P | I | D | K | E | T | H | O | Y | I | D | O | N | C | T | A |
| L | V | A | Z | T | U | H | B | U | D | E | K | I | A | L | U |
| U | I | X | N | O | T | W | E | N | C | A | S | I | L | A | L |
| C | A | L | U | J | F | I | T | U | A | E | V | B | V | M | I |
| K | N | D | J | T | H | E | W | E | L | O | H | Y | I | W | N |
| E | O | R | L | D | W | A | S | U | F | I | T | B | N | E | G |
| R | M | I | C | H | A | E | L | F | A | R | A | D | A | Y | A |

1.JOHN DALTON
2.JULIUS PLUCKER
3.HUMPHRY DAVY
4.ISSAC NEWTON
5.LINUS PAULING
6.MICHAEL FARADAY
7.MELVIN CALVIN
8.J.J.THOMSON

BY:GOPIKA.S
9 A




# കിന്നരിപ്പൂമ്പാറ്റ

പാറിനടക്കും പൂമ്പാറ്റേ
പുഞ്ചിരിതൂകും പൂമ്പാറ്റേ
പാറിനടക്കുവതെന്താണ് ?
പൂന്തേനൊന്നും കിട്ടീല്ലേ
ആവണിമാസം പുലരുമ്പോൾ
പൂക്കൾ നിന്നു ചിരിക്കുമ്പോൾ
എൻ മുറ്റത്തെ പൂച്ചെടിമേൽ
പൂന്തേനുണ്ണാൻ വരികില്ലേ.



**Liya Rose Johnson**
**IX *B***

# പിന്നിട്ട വഴികൾ



നിഴൽ വീണ പാതകൾ തേടി
പറന്നകന്നൊരുപിടി ഓർമ്മകൾ തേടി
കടന്നുപോയ കാലവും
മരിച്ചിടാത്ത സ്വപ്നവും
വട്ടമിട്ടു നാം പറഞ്ഞ കൊച്ചുകൊച്ചു കഥകളും
കാട്ടികൂട്ടിയ കുഞ്ഞുക്കുസൃതിത്തരവും
ഇവിടെയീ മരത്തണലിൽ
കുഴിച്ചിടാം..........
അത്,
ചെടിയായി........
മരമായി............
പൂവായി............
ഒരു  പുതുവസന്തം നിറയ്ക്കട്ടെ.

By:
Delbin Benny
IX B

# ഗൂഗിൾ പറ്റിച്ചേ

ജംഗിൾവാലി സ്കൂളിലെ യൂ.കെ.ജിയിലാണ് മിന്റുമോൻ മുയൽ പഠിക്കുന്നത്. അപ്പോളാണ് അവന്റെ അമ്മാവൻ അവന് ഒരുപുതിയ സ്മാർട്ടഫോൺ വാങ്ങിച്ചുകൊടുത്തത്. ഒരിക്കൽ സ്കൂൾ കഴിഞ്ഞ് വരുന്ന വഴിക്ക് അവൻ ഫ്രീ ഫയർ കളിച്ച് വന്നപ്പോൾ അവന് വഴിതെറ്റി. അവൻ ഒരു കാട്ടിൽ അകപ്പെട്ടു. അപ്പോഴാണ് അവന്റെ നേർക്ക് ഒരു പുള്ളിപ്പുലി ചാടിവന്നത്. ഈ പുള്ളിയുള്ള ജീവി ഏതെന്നറിയാൻ അവൻ ഗൂഗിളിൽ സെർച്ച് ചെയ്തു. ഉത്തരം വന്നു.പുള്ളിമാൻ പച്ചപുല്ല് തിന്നുകൊണ്ട് ജിവിക്കുന്നതിനാൽ ഇവർ പാവങ്ങളാണ് ആരെയും ഉപദ്രവിക്കത്തില്ല അവൻ പുലിയുടെ അടുത്തേക്ക് ചെന്നു. പുലി അന്തംവിട്ടു നിൽക്കുന്നു എന്റെ നേർക്ക് ഒരു പീറ മുയൽ വരുന്നു. ഇവൻ ആക്രമിക്കുന്നതിനു മുമ്പുതന്നെ ഞാൻ തിരിച്ച് ആക്രമിക്കുണം എന്നു പുലി ചിന്തിച്ചു.പുലി ചാടിവീണതും മുയൽ ഒറ്റയോട്ടം. ഓടുന്ന വഴിക്ക് മുയൽ ചോദിച്ചു നീ എന്തിനാണ് എന്നെ ആക്രമിക്കുന്നത്? നീ മാനല്ലേ പുലി പറഞ്ഞു മണ്ടാ ഞാൻ മാനല്ല പുലിയാണ്. അത് കേട്ടതോടെ അവൻ വാലിൽ തീ പിടിച്ചതുപോലെ ഓടി. ഓടിയോടി അവൻ പുഴക്കരയിലെത്തി. ആവശ്യത്തിന് വെള്ളം കുടിച്ചതിനു ശേഷം അവൻ നടന്നു നടന്നു അവൻ ഒരു കുറുക്കന്റെ അരികിലെത്തി.അവൻ എത്തിയപ്പോൾ അവൻ കൂവുന്നുണ്ടായി.ഇത് കണ്ടപ്പോൾ അവൻ ഗൂഗിളിൽ സേർച്ച് ചെയ്തു.'കൂവുന്ന ജീവി'.ഉത്തരം കിട്ടി.പൂവൻ കോഴി!മണ്ണിലെ ഇരകളെ തിന്ന് ജീവിക്കുന്നതിനാൽ ഇവ ഉപദ്രവകാരികളല്ല.മിന്റുവിന്റെ ആശ്വാസമായി.അവൻ ചോദിച്ചു കോഴിചേട്ടാ കോഴിചേട്ടാ ഈ കാട്ടിന്ന് പോകാനുള്ള വഴി പറഞ്ഞു തരുമോ?.കുറുക്കൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു ഞാൻ കോഴിയല്ല കുറുക്കനാ.ഇപ്പോൾ ഞാൻ നിന്നെ തിന്നാൻ

പോവുകയാണ്.മുയൽ ജിവനുംകൊണ്ടോടി.ഓടുന്ന വഴിക്ക് അവന്റെ കാടിന്റെ അതിർത്തിയിൽ താമസിക്കുന്ന സീബ്രയെ കണ്ടു.സീബ്ര ചോദിച്ചു എന്താ മിന്റുമോനെ ഈ കാട്ടിൽ? എന്റെ പുറത്ത് കേറിക്കോ ഞാൻ വീട്ടിൽ എത്തിക്കാം അവൻ സീബ്രയുടെ പുറകിൽ കയറി.അപ്പോൾ ഈ ജീവി എതാണെന്ന് അറിയാൻ അവൻ ഗൂഗിളിൽ സേർച്ച് ചെയ്തു.വരയുള്ള ജീവി എന്ന് സേർച്ച് ചെയ്തു ഉത്തരം കിട്ടി വരയൻ പുലി ഇവൻ വളരെ ക്രൂരനായ ജീവിയാണ് എന്ന്.അവൻ ഇത് വായിച്ചപ്പോൾ ബോധം കെട്ട് പോയി.പിന്നെ കണ്ണ് തുറക്കുന്നത് വീട്ടിൽ എത്തിയപ്പോഴാണ്.അവൻ അമ്മയോട് പറഞ്ഞു ഭാഗ്യം ആ വരയൻ പുലി എന്നെ തിന്നില്ല അല്ലേ?.അമ്മ അത് കേട്ട് പൊട്ടിച്ചിരിച്ചു.എന്നിട്ട് പറഞ്ഞു എടാ മണ്ടാ അത് വരയൻ പുലി അല്ല സീബ്രയാ!.അവൻ പറഞ്ഞു ഈ ഗൂഗിൾ എന്നെ പറ്റിച്ചുകൊണ്ട് ഇരിക്കുകയാണ്.ഇനി ഞാൻ മോബൈൽ തൊടത്തില്ല എന്നും പറഞ്ഞ് മോബൈൽ അമ്മയുടെ കൈയിൽ കൊട്ടുത്തിട്ട് വീടിന്റെ അകത്തേക്ക് ഒറ്റയോട്ടം.

ജോഷ് കെ ബിജു

VII B

# തെന്നലും മഴയും

ചിന്നി ചിതറും പളുങ്കുമണിയാകും
മഴയെ ഞാനിന്നും നോക്കിനിൽപ്പൂ
പുസ്തകതാളാകും എൻ മന കോണിൽ
തെന്നലാം കാറ്റിനെ വർണ്ണിക്കുന്നു
നാലുചുവരുകൾക്കുപ്പുറം
കടന്നിന്നുഞാൻ
ചുവടുവയ്ക്കട്ടെ   നിനക്കൊപ്പം
വല്ലികയിൽ നിന്ന് ആടികളിക്കുന്ന
കോവലുമാനന്ദം പങ്കുവയ്പ്പൂ
തരുക്കളെതഴുകി കടന്നുപോകുമെൻ
തെന്നലേ ഈ വഴി വന്നു പോകൂ



ഓരോ ദിവസവും ഈ ആനന്ദം
മഴയായി കാറ്റായി
അംബരാന്തത്തെ കറുമ്പിയാക്കി
കാർമേഘം ഓടിയലഞ്ഞീടുന്നു
വീശിനടന്നീടും തെന്നലും
മഴയായി തണുവായി പെയ്തീടുന്നു
പുതുതായി ജന്മമെടുത്ത ചെറു തൈയ്യും
കാറ്റിന്റെ തോളിതിൽ ഏറിനിൽപ്പൂ
മഴയത്ത് ഓടിനടക്കുവാൻ ചാടുവാൻ
എൻ മനമേറെകൊതിച്ചീടുന്നു
രമണീയമുള്ളൊരു ആരണ്യപൂഞ്ചോല
തന്നിൽ തണുവായി പെയ്തീടുന്നു
ഇത്രയും കാലമായ് ഞാനാസ്വദിക്കാത്ത
മഴയേയും ഞാനിന്നേ ആസ്വദിച്ചു

**Femina Mathew X B**

# എൻെറ ഗുരുനാഥൻ

ഇരുൾ മാഞ്ഞു എന്നിലെ
ഇരുണ്ട യാമങ്ങളി-
ന്നകലേക്കു മറയുന്നിതാ...




അറിവിൻെറ വേരുകൾ
നിറയിച്ച എന്നിൽ
നിറദീപമായിന്നു ഞാൻ

തിരിനാളം തെളിയിച്ച
ഗുരുനാഥനു മുമ്പിൽ
പ്രണമിപ്പൂ തൊഴുകൈകളുമായ്

അകതാരിലർപ്പണം
പുഷ്പദളങ്ങളാൽ
കൈകൂപ്പി നിൽക്കുന്നു ഞാൻ

DEVAPRIYA MURALI
IX A



# MANU

**Don’t hunch your**
**shoulders,Manu**
**did you finish your**
**homework,Manu**

**I thought I told you to**
**clean your shoes,Manu**
**you are alwayas so moody, Manu**
**did you clean your room, Manu**

**You don’t watch the T.V ,Manu**
**dont eat that chocolate Manu**
**you don’t use gas stove Manu**
**you don’t play football Manu**

BY:DILSHID JAYAN
VI B

# വായന

എന്നെന്നും കംപ്യൂട്ടറിൻ  മുമ്പിൽ
കുത്തിയിരിപ്പാണെന്നെന്നും നമ്മുടെ കഥാവീരൻ
എന്തൊരു സ്വർഗീയാനുഭൂതി നല്കുമ
കമ്പ്യൂട്ടറിന്റെ ഹൃദയതുടിപ്പാണെന്നുപോലും!!
എന്നെന്നുമിതിൻമുൻപിൽ  ഇരുന്നു കഴയക്കുന്നു
കണ്ണുകളെന്നിരുന്നാലും പിന്നെയും തുടരുന്നു
പിന്നെയും തുടരുന്ന ഈലോകജീവിതത്തിൻ
വിസ്മയങ്ങളെ തൊട്ടറിഞ്ഞിടാതെ
വായനതൻമാധുര്യമറിഞ്ഞീടാതെ
നിത്യമവനൊരു മായാലേകത്തിലക്പ്പെട്ടു....





അച്ഛനവനെ നിരന്തരം ഉപദേശിക്കുന്നു.
"വായിക്കൂ വായിക്കൂ വായുച്ച് വളരൂ."
എങ്കിലും അച്ഛൻതൻ ഇംഗീതം നിരസിക്കാൻ
കഴിയാതവൻ വായന തുടങ്ങുന്നു .
വായനതൻ മാധുര്യമറിഞ്ഞീടുന്നു നിത്യം
എന്നെന്നും
പുസ്തകമൊരുകൂട്ടുകാരനായി.
എഴുത്തച്ഛന്റെയും കുമാരനാശാന്റെയും
കളിത്തട്ടിലിന്നൊരു കളിത്തോഴനായിതാ...........

ELSY C. S IX B


alamy stock photo


# ചിന്തകൾ

സ്വന്തം ഭക്തി ആരോഗ്യം, സന്തോഷം, മനസ്സമാധാനം, ഉറക്കം ഇതിനേക്കാൾ പണത്തിന് പ്രാധാന്യം നൽകരുത്.

കണ്ണുനീർ തുടയ്ക്കുക. പ്രപഞ്ച സൃഷ്ടിയെ വണങ്ങുക. നല്ലതുമാത്രം വിചാരിക്കുക. നമ്മുക്ക് കിട്ടിയതെല്ലാം അനുഗ്രഹങ്ങളാണെന്ന് ഓർക്കുക.

പെരുമാറ്റരീതികളും, മനോഭാവങ്ങളും, പൂന്തോട്ടത്തേക്കാൾ മനോഹരമാവട്ടെ....

BINORANI TEACHER



# കുഞ്ഞാറ്റക്കിളി

കുഞ്ഞാറ്റക്കിളിയെ കൂട്ടിന് പോരാമോ
കുറുമ്പുകാട്ടാതെ കൂടെക്കളിക്കാമോ ?
പാലും പാലടയും പഴവും പപ്പടവും
പായസം പലതരവും നിനക്കു നൽകിടാം
പാലമരക്കൊമ്പിൽ കൂടൊന്നു കൂട്ടാം ഞാൻ
പറന്നു ദൂരെപ്പോകാതെ പാട്ടുകൾ പാടില്ലേ ?
കുഞ്ഞാറ്റക്കിളിയെ കൂട്ടിനുപോരാമോ ?
കുറുമ്പുകാട്ടാതെ കൂടെക്കളിക്കാമോ......

Liya Rose Johson
IX B

# Positive Thinking: The Best Way to Success

**Hopefulness and confidence about the future will lead us to success. Self confidence is necessary because it assures a person that he can do things. Everyone is born with some abilities. So we should discover it and start working for it.**

**Many great men and women had succeeded because they were optimistic towards their work. For example Helen keller .She was blind and deaf but she was optimistic she did not think about her talents and she had became a world famous poet.It is neccessary to keep in mind that we should have a responsible confidence in ourselves.we should be a careerist.We should fix a certain goal to achieve in ourselves and do things for achieving it.**

**If we have chagrined at the failure of something,don't sob at it.As its over and we should recover and tell our mind that 'I have the strength and i can get it or do it.'If anyone sits and thinks about one's failure and lives rest of their living without any confidence, such a person would have total failure in his or her life.**

**A positive outlook, self confidence, hope and faith in god would lead us to success. if we abjure the negative thoughts from our minds then we can bling success in our lives.**

By,
Jesna George
5 A

# പച്ച തത്തമ്മ



പൊൻ തത്തമ്മേ

പാറിപറക്കുന്ന തത്തമ്മേ

എൻ പാറിപറക്കുന്ന തത്തമ്മേ

എൻ ഇഷ്ടനിറമുള്ള ചുണ്ട്

ചുവപ്പ് നിറഞ്ഞ ചുണ്ട്

നീ പച്ചനിറമാണ് ഇളം

പച്ചനിറമാണ്




എൻ മുറ്റത്തെ തെങ്ങിൻ

പൊത്തിൽ കൂടുകൂട്ടിയ തത്തമ്മ

പൊൻ ഇളം പച്ച തത്തമ്മ

ചുവപ്പ് ചുണ്ടുള്ള തത്തമ്മേ......

**By**
**Gauri Subash**
**v c**



# പാഠം പഠിച്ചേ........

ഒരു കാട്ടിൽ വികൃതിയായ ഒരു മുയൽക്കുട്ടൻ താമസിചിരുന്നു. ചിക്കു എന്നായിരുന്നു അവന്റെ പേര്. മിക്കു എന്ന മറ്റൊരു മുയലും അവിടെ താമസിച്ചിരുന്നു . മിക്കു അധ്വാനിച്ചു എന്ത് ആഹാരം കൊണ്ടുവന്നാലും ചിക്കു അത് തട്ടിപ്പറിക്കും . ഒരിക്കൽ ചിക്കു, മിക്കു ആഹാരം കൊണ്ടുവരുന്നത് കാത്ത് ഒളിച്ചിരിക്കുകയായിരുന്നു . ഒരുപാട് സമയമായിട്ടും മിക്കുവിനെ കാണാഞ്ഞിട്ട് ചിക്കു ആഹാരം തേടിയിറങ്ങി. പെട്ടെന്ന് മിക്കു അതുവഴി ആഹാരവുമായി പോകുന്നത് കണ്ടു . ചിക്കു അവന്റെ പിറകെ ഓടി . ചിക്കുവിനെ കണ്ട് മിക്കു ഓടി പെട്ടെന്ന് ചിക്കു, വേടൻ വച്ച വലയിൽ കുടുങ്ങി മിക്കു ഓടിവന്ന് കയ്യിലുണ്ടായിരുന്ന കത്തി എടുത്ത് വല മുറിച്ചു. തള ർന്നുവിണ ചിക്കുവിന് ഇളനിർ കൊടുത്തു . ചിക്കു ഉണർന്നു വേടന്റെ ശബ്ദം കേട്ട് ഓടാൻ തുടങ്ങി . അവർ തിരിച്ച്  മാളത്തിലെത്തി . ചിക്കുവിന് തന്റെ തെറ്റ് മനസ്സിലായി . പിന്നിട് അവൻ തന്നെ ആഹാരം തേടാൻ തുടങ്ങി . അവർ നല്ല കുട്ടുകാരായി സന്തോഷത്തോടെ ശേഷിച്ച കാലം ജിവിച്ചു.

ABHINITHA BIJU
V A

# ചങ്ങാതി

തത്തയ്ക്കുണ്ടൊരു ചങ്ങാതി

കുയിലിനുണ്ടൊരു ചങ്ങാതി

മയിലും കാക്കയും പ്രാവും ചങ്ങാതി

ഒറ്റയ്ക്ക് നടക്കുന്നവർക്കും ചങ്ങാതി

ചങ്ങാതി ചങ്ങാതി നമ്മുടെ ചങ്ങാതി

Devika udayan
V A

## സൗന്ദര്യം

ഒരു ചെറുഗ്രാമത്തിൽ രണ്ടു കൂട്ടുകാരികളുണ്ടായിരുന്നു അതിൽ ഒരാൾ അതിസുന്ദരിയും, തന്റെ സൗന്ദര്യത്തെപ്പറ്റി പൊങ്ങച്ചം പറയുന്നവളുമായിരുന്നു.അവളുടെ പേരു മിന്നു എന്നാണ്.എന്നാൽ അവളുടെ സുഹൃത്ത് ചിന്നു ശാന്ത സ്വഭാവമുള്ളവളും സ്നേഹസമ്പന്നയുമാണ്. എന്നാൽ തന്റെ സുഹൃത്തിന്റെ സൗന്ദര്യം അവൾക്ക് ഇല്ലായിരുന്നു.



മിന്നു ചിന്നു സൗന്ദര്യത്തെചൊല്ലി കളിയാക്കുമായിരുന്നു.അതിൽ ചിന്നുവിന് ഏറേ സകടമുണ്ടായിരുന്നു.

മിന്നുവിന് ഇനിയും സൗന്ദര്യം വേണമെന്ന അത്യാഗ്രഹം അവളെ ഒരു മണ്ടത്തരത്തിൽ കൊണ്ടെത്തിച്ചു ഒരു മണ്ടൻ പറഞ്ഞ മണ്ടത്തരത്തിൽ ചുട്ടുപൊള്ളുന്ന ചൂടുവെള്ളത്തിൽ അവൾ എടുത്തു ചാടി. അതോടെ അവളുടെ മുഖം



ചിന്നുനിന്നെക്കാൾ വിരൂപമായി. എന്നാൽ ചിന്നു മിന്നുവിനെ പരിഹസിക്കാതെ ആശ്വസിപ്പിച്ചു . മറ്റുള്ളവരെ കളിയാക്കുന്നതും,ദൈവം തന്നതിനേക്കാൾ വേണമെന്ന അത്യാഗ്രഹവും നന്നല്ല എന്ന് മിന്നുവിന് മനസ്സിലായി.

BY: ANNA ROSE TOM
SREELAKSHMI BIJU 9A



# ചേറ്റിലെ താമര

ചേറിൽ നിൽക്കും ചെന്താമരയുടെ
ചന്തമെഴുന്നൊരു പൂങ്കാവോ
ചേറിന്നുള്ളിൽ
പൂത്തെന്നാകിലു
മെത്രവിശുദ്ധം പൂമേനി
എവിടെ ജനിച്ചു
വളർന്നെന്നാലും
കളങ്കമറ്റവരാവുക നാം



Liyarose Johnson
IX B

# സ്നേഹസമ്മാനം

അവൾ ഒന്നും മിണ്ടാതെ അച്ചന്റെ കാറിലെ സീറ്റിൽ തന്നെ യാത്ര ചെയ്യുന്നു.നമ്മുടെ കഥാപാത്രം അമ്മു.ഐശ്വര്യം തുളുമ്പി നിൽക്കുന്ന മുഖം.ആ പറന്നു കിടക്കുന്ന കുഞ്ഞുകുപ്പായത്തിൽ അവളെ കാണുമ്പോൾ മാലാഖമാരെ നേരിൽ കാണുന്ന പ്രതീതി അനുഭവപ്പെട്ടിരിക്കുന്നു. കിലുങ്ങുന്ന കുപ്പിവളകൾ.അച്ചൻ അമ്മുവിനോട് ചോദിച്ചു മോളേ അമ്മു ഇന്ന് നിന്റെ പിറന്നാൾ അല്ലേ നിനക്ക് ഞാൻ ഒരു സർപ്രൈസ് ഗിഫ്റ്റ് തരുന്നുണ്ട് ഒരു ചെറു പുഞ്ചിരിയോടെ അവൾ അത് സ്വീകരിച്ചു യാത്രയുടെ ഇടയിൽ ഒരു കടയിലിരുന്ന വർണാഭമായ പാവക്കുട്ടിയിലേക്ക് അവളുടെ മിന്നുന്ന കണ്ണുകൾ ഉടക്കി അവൾ ഏറെ പ്രതീക്ഷയോടെ ചോദിച്ചു അച്ചാ അമ്മുവിന് ആ പാവക്കുട്ടിയെ വാങ്ങിത്തരുമോ അവൾ ഒട്ടും പ്രതീക്ഷിക്കാത്ത മട്ടുപടിയാണ് അച്ഛൻ പറഞ്ഞത് അത് ഒന്നും വേണ്ട മോളെ ഞാൻ ഇതിലും വലിയ ഒരു സമ്മാനം നിനക്ക് തരാനാണ് തീരുമാനിച്ചിരിക്കുന്നത് അപ്രതീക്ഷിതമായ ഈ മറുപടി കേട്ടപ്പോൾ അവളുടെ കണ്ണുകൾ കലങ്ങി പക്ഷേ അത് സഹിക്കാനാവാതെ അച്ഛൻ അവൾക്ക് ആ പാവക്കുട്ടിയെ വാങ്ങിക്കൊടുത്തു അപ്പോൾ അവളുടെ മുഖത്ത് സന്തോഷം കളിയാടുന്നത് കാണാമായിരുന്നു കുറച്ചു കഴിഞ്ഞ് അച്ഛൻ വണ്ടി നിർത്തി അമ്മുവിനോട് പറഞ്ഞു മോളെ ഇറങ്ങ് അച്ഛൻ നിനക്കൊരു പിറന്നാൾ സമ്മാനം വാങ്ങിതരാം അവർ രണ്ടു പേരും കൂടി ഒരു വലിയ കടയിൽ കയറി അപ്പോഴും അവളുടെ കണ്ണുകൾ ആ പാവയിലായിരുന്നു കുറച്ചു കഴിഞ്ഞ് അച്ഛൻ പറഞ്ഞു ഇതാ അച്ഛന്റെ വക നിനക്കൊരു പിറന്നാൾ സമ്മാനം ഏറെ സന്തോഷപൂർവം അവൾ അത് ഏറ്റുവാങ്ങി വീട്ടിൽ ചെന്നപ്പോൾ അവൾ ആ സമ്മാനപ്പൊതി എടുത്ത് തന്റെ മേശയിൽ വച്ചു. ആ പൊതി തുറക്കാൻ അവൾ മറന്നുപോയി കാരണം അവൾ ആ പാവയെ കളിപ്പിക്കുന്ന തിരക്കിലായിരുന്നു രാത്രിയായി പുതിയ കുപ്പായവും വളകളും പിറന്നാൾ

ആഘോഷ നിമിഷം അച്ഛൻ ചോദിച്ചു മോളെ അമ്മു അച്ഛൻ തന്ന സമ്മാനം നിനക്ക് ഇഷ്ട്ടമായോ അവൾ അപ്പോഴാണ് ആ കാര്യം ഓർത്തത് അവൾ ചെന്ന് ആ പൊതി അഴിച്ച് നോക്കി

അവളുടെ മുഖം പെട്ടെന്ന് വിഷാദാത്മകമായി അതിൽ ഒരു സ്മാർട്ട്ഫോൺ. എങ്കിലും അച്ഛന്റെ സന്തോഷത്തിനുവേണ്ടി ഇഷ്ടമായി എന്ന് അവൾ തലയാട്ടി അവൾ അത് തന്റെ അലമാരിയിൽ കയറ്റി വച്ചു. എന്നും അവൾ ആ പാവക്കുട്ടിയെ കണ്ണെഴുതിക്കുകയും പൊട്ടു തൊടീക്കുകയും ചെയ്തു. അങ്ങനെ മാസങ്ങൾ കടന്നുപോയി ഫോണിന്റെ കാര്യം അവൾ മറന്നു. ഒരു ദിവസം മുറി വൃത്തിയാക്കുന്നതിനിടയിൽ അവളുടെ അമ്മ അമ്മു അനക്കാതെ വച്ചിരുന്ന ഫോൺ കണ്ടു അമ്മ അക്കാര്യം അച്ഛനോട് പറഞ്ഞു. അച്ഛൻ അമ്മുവിനെ ശകാരിച്ചു അച്ഛൻ ചോദിച്ചു എന്തുമാത്രം സ്നേഹത്തോടെ ഞാൻ നിനക്ക് വാങ്ങിത്തന്ന സ്നേഹസമ്മാനമാണിത് എന്നെ ഒരു വിലയുമില്ലേ? അച്ഛന്റെ ഈ വാക്കുകൾ അവളെ ഗാഢമായ ചിന്തയിലാഴ്ത്തി അവൾ ആ പാവയെ താഴെ വച്ചു. സ്മാർട്ട്ഫോൺ എടുത്തു പിന്നെ അവൾ അത് താഴെ വച്ചില്ല. പഠിത്തത്തിലും എല്ലാത്തിലും ഒന്നാമതായിരുന്ന അവൾ പിന്നെ തോൽക്കാൻ തുടങ്ങി ആരെയും അനുസരണയില്ലാത്തവളായി. അവളുടെ കണ്ണുകൾ പിന്നെ ആ കൊച്ചു സ്ക്രീനിനുള്ളിൽ കുടുങ്ങി.

**By:Sona mol K.S**
**IX B**

നിരാശയുടെ ആ കുടം
എത്തിനോക്കിയതുകൊണ്ട്
ഒരു പ്രയോജനവും ഇല്ല.
കല്ലിട്ടെടുത്താലും പൊങ്ങില്ല ഈ കുടം.



ഒരു തുള്ളിയെങ്കിലും
ബാക്കി വെച്ചിരുന്നെങ്കിൽ
ഒന്ന് ഓർത്ത് വിലപിച്ചു.

DAYONA IX B

# കനലാകുന്ന കനവുകൾ



പൊയ്മറഞ്ഞൊരു നാളമായി

ആഴമുള്ളൊരു നോവായി

എന്നും എൻ ഉള്ളിൽ

ഒരു കനലായി

ജിവനാളം പോൽ എന്നിൽ

നിറയുന്ന സ്വപ്നത്തിൻ

പൊരുളറിയാതെ   വാനിലേതോ സൂര്യനെപ്പോൽ

എൻ മനസ്സിൽ ആരോ പാടും സുദിനം

എന്നും.........

...........പ്രിയ സുദിനം .

**BY: ARCHANA SHAJI**
**IX A**



# **THANK YOU**